# വിനോബാജിയുടെ ഗീതാപ്രവചനം

## സി. കെ. മൂസ്സത്

ഹൈന്ദവമതഗ്രന്ഥങ്ങളിൽ ഭഗവത് ഗീതയ്ക്കുള്ള സ്ഥാനം സുപ്രധാനമാണ്. എല്ലാ ഉപനിഷത്തുകളുടെയും സാരസർവ്വസ്വം ഭഗവാൻ അർജ്ജുനന്ന് യുദ്ധക്കളത്തിൽ വെച്ചു ഉപദേശിച്ചു എന്നതു തന്നെ അതിൻെറ മാഹാത്മ്യം. അക്കാരണത്താൽ നിരവധി ഭാഷ്യങ്ങളും വിവിധ ഭാഷാവിവൎത്തനങ്ങളും ആ മഹത് ഗ്രന്ഥത്തിന്ന് സിദ്ധിച്ചു. എഡ്വിൻ ആർനോൾഡിൻെറ ഇംഗ്ലീഷ് വിവൎത്തനം വായിച്ചപ്പോഴാണത്രേ മഹാത്മജിയ്ക്കു് ഗീതയുടെ ഉൾക്കട്ടിയെക്കുറിച്ചു ധാരണയുണ്ടായതു്. ഒരു പാശ്ചാത്യ ചിന്തകൻ പറഞ്ഞു, മറെറാരു ലോകഭാഷയിലും വേദാന്തസാരമുൾക്കൊള്ളുന്ന ഇത്തരം ഒരു ഗീതം ഉണ്ടായിട്ടില്ലെന്നു്. ഇംഗ്ലീഷിലേയ്ക്കുള്ള ആദ്യത്തെ ഗീതാവിവൎത്തനത്തിൻെറ ഉപജ്ഞാതാവ് സർ ചാർൾസ് വിൽകിൻസ് എന്ന സായ്പായിരുന്നു. അതിൻെറ പ്രകാശനവേളയിൽ ആദ്യത്തെ ഗവർണ്ണർ ജനറലായ വാറൻ ഹേസ്റ്റിങ്സ് ഗീതാ മഹത്വത്തെക്കുറിച്ചു അന്നു് പറഞ്ഞ വാക്യങ്ങൾ അൎത്ഥഗർഭമായിരുന്നു. "ബ്രിട്ടീഷ്സാമ്രാജ്യം വിസ്തൃതിയിൽ ആണ്ടു് അതിൻെറ സമസ്തസ്വത്തും ശ്രേയസ്സുകളും അപ്രത്യക്ഷമാകുന്ന കാലത്തുകൂടി, ഈ മഹത്ഗ്രന്ഥത്തിൻെറ സാരാംശങ്ങൾ ദശലക്ഷക്കണക്കിനു ലോകജനങ്ങൾക്കു പ്രചോദനം നൽകി വിരാജിക്കും, സംശയമില്ല." ലോകമാന്യതിലകൻ തടവിൽ കഴിയുമ്പോൾ എഴുതിയ ഗീതാരഹസ്യത്തിൻെറ പ്രേരകശക്തികൊണ്ടാകണം, സ്വരാജ്യം നമ്മുടെ ജന്മാവകാശമാണെന്നു പ്രഖ്യാപിയ്ക്കാൻ കരുത്തു നേടിയതു്.

തിലകൻെറ ഗീതാരഹസ്യം തികച്ചും പണ്ഡിതോചിതമായിരുന്നു. പണ്ഡിതസദസ്സുകളിൽ വാഴ്ത്തപ്പെടുന്നതിനു പരി ആ ഗ്രന്ഥം ജനലക്ഷങ്ങളിലേയ്ക്കു ഇറങ്ങിച്ചെന്നോ എന്നതു ഒരു ചോദ്യമാണ്. ഈ ന്യൂനത പരിഹരിക്കാൻ ഉതകുന്നതായിട്ടുണ്ടു് വിനോബാജിയുടെ ഗീതാപ്രവചനം. സ്വാതന്ത്ര്യസമരം എല്ലാ അൎത്ഥത്തിലും ഉച്ചകോടിയിലിരുന്ന ഘട്ടത്തിൽ തടവിൽക്കഴിയുന്ന ദുഃഖിതരും കൎമ്മവിമുഖരുമായിതീർന്ന, സമരസഖാക്കളോടു് അവരിൽ ഒരാൾ എന്ന നിലയിൽ 1932 ഫിബ്രവരി 21 മുതൽ ജൂൺ 19—ാംനു- വരെ തുടർച്ചയായി പതിനെട്ടു ഞായറാഴ്ചകളിലൂടെ നടത്തിയ പ്രഭാഷണങ്ങളാണ് ഗീതാപ്രവചനമായി പിന്നീടു പ്രസിദ്ധപ്പെടുത്തിയത്. "ഹതോ വാ പ്രാപ്സ്യസി സ്വൎഗ്ഗം ജിത്വാ വാ ഭോക്ഷ്യസെ മഹീം,

തസ്മാദുത്തിഷ്ഠ കൗന്തേയ യുദ്ധായ കൃതനിശ്ചയഃ'' എന്ന ആഹ്വാനം ഭാരതത്തിലുടനീളം അലയടിക്കാൻ സംഗതിയായി.

ഭഗവത്ഗീതപോലുള്ള മതഗ്രന്ഥങ്ങൾക്ക് രണ്ടു വശങ്ങളുണ്ടെന്നു വിനോബാജി സൂചിപ്പിച്ചിട്ടുണ്ട്. രചനാകാലഘട്ടത്തിൽ മാത്രം പ്രസക്തമായ കാലദേശസീമിതമായ ഉദ്ദേശത്തോടു കൂടിയ ഒരു വശം, മററത് എക്കാലത്തും പ്രസക്തി മങ്ങാത്ത സനാതനവശം. ശബ്ദഘോഷവും അലങ്കാരവൈചിത്ര്യവും കാലഘട്ടത്തിൻെറ മനശ്ശാസ്ത്രമുൾക്കൊള്ളുന്നതായേക്കും. പക്ഷേ സത്യം, ധർമ്മം, സഹാനുഭൂതി എന്നീ സനാതനമൂല്യങ്ങൾ കാലദേശാവധികൾക്കതീതമാണു. ഈ വശം ഏതാണ്ട് എല്ലാ മതഗ്രന്ഥങ്ങളിലും പ്രത്യക്ഷമായും പരോക്ഷമായും ലയിച്ചു കിടപ്പുണ്ട്. മാത്രമല്ല കാലത്തിൻെറ ആവശ്യമനുസരിച്ച് വ്യാഖ്യാനിക്കാൻ പററുന്ന തരത്തിലാണ് പദഘടന തന്നെ. ഒരേ കാലത്ത് വിവിധ ജനങ്ങൾക്ക, അവരുടെ സ്വഭാവമനുസരിച്ചു പ്രചോദനം പകർന്നുകൊടുക്കാൻ ഗീതാ സൂക്തങ്ങൾ പര്യാപ്തമായിരുന്നു. ഈ ആശയത്തെ വ്യക്തമാക്കാൻ വിനോബാജി ഒരു കഥ പറയുന്നുണ്ട്. വിദ്യാഭ്യാസഘട്ടം കഴിഞ്ഞു പോകുന്ന ഒരുകൂട്ടം വിദ്യാർഥികൾക്ക ബ്രഹ്മപ്രജാപതി നല്കിയ അന്ത്യോപദേശം 'ദ' എന്ന ഏകാക്ഷരംകൊണ്ടുള്ളതായിരുന്നുവത്രെ. മൂന്നുതരം മനഃസ്ഥിതിക്കാർ ശിഷ്യരിൽ ഉണ്ടായിരുന്നുവെന്നും ഓരോരുത്തർക്കും അവരവക്ക് യോജിച്ച തരത്തിൽ അർത്ഥമുൾക്കൊള്ളാൻ കഴിഞ്ഞുവെന്നും ഒരത്ഭുതമായി തോന്നാം. ദാനവ സ്വഭാവക്കാർ ഗുരുമുഖത്തുനിന്നു കേട്ട 'ദ'എന്ന അക്ഷരംകൊണ്ടു ദയ ഉൾക്കൊള്ളാനും, ദേവലോകക്കാർ ദമനം ശീലിക്കാനും, ഭൂലോകവാസികളായ മനുഷ്യർ ദാനത്തിലൂടെ ശ്രേയസ്സു കൈവരിക്കാനും മനസ്സിലാക്കി. ഈശാവാസ്യോപനിഷത്തിലെ ''ത്യക്തേന ഭുഞ്ജീഥാഃ'' എന്ന തത്വമായിരിക്കണം ദാനം അഥവാ പങ്കിടൽകൊണ്ടു മനുഷ്യർ അർത്ഥമാക്കിയത്.

ഭഗവദ്ഗീതയെ ഒരു ശില്പകൂടമായി ഭക്തിപൂർവ്വം വീക്ഷിക്കുന്ന വിനോബാജി പതിനെട്ടദ്ധ്യായങ്ങളിൽ ഒന്നുപോലും ഒഴിവാക്കാൻ തയ്യാറായിരുന്നില്ല. പണ്ഡിതനായ ശ്രീ ശങ്കരൻ ഗീതാഭാഷ്യമാരംഭിച്ചതു് രണ്ടാം അദ്ധ്യായത്തിലെ പതിനൊന്നാം ശ്ലോകംവെച്ചായിരുന്നു.

> അശോച്യാനന്വശോചസ്ത്വം
> പ്രജ്ഞാവാദാംശ്ച ഭാഷസേ
> ഗതാസൂനഗതാസൂംശ്ച
> നാനുശോചന്തി പണ്ഡിതാഃ

'അ' എന്ന ആദ്യക്ഷരംകൊണ്ട് ആരംഭിക്കുന്നതായിട്ടുണ്ടു ശ്ലോകം. വിനോബാജി പ്രഥമാദ്ധ്യായമുൾപ്പെടെയുള്ള പതിനെട്ടും ചേർന്ന സമകാലീതരചനാശില്പമായിട്ടാണ് ഗീതയെ കാണുന്നതു. അർജ്ജുനവിഷാദയോഗമെന്ന പ്രഥമാദ്ധ്യായം ഗീതോപദേശത്തിനുള്ള പശ്ചാത്തലത്തെ ഒരുക്കുന്നു. വിശസനം സുഖികളെ വിജ്ഞരാക്കുകയോ വിജ്ഞരാക്കാൻതയ്യാറാക്കുകയോ ചെയ്യും. കൃഷ്ണാർജ്ജുനസംവാദം നടക്കാൻ ഇതിലധികം പററിയ ഒരു രംഗസംവിധാനം വേറെ വിഭാവനം ചെയ്യാൻ വയ്യെന്നാണ് വിനോബാജിയുടെ കാഴ്ചപ്പാട്. കഠോപനിഷത്തിലെ ഒരു ശ്ലോകം അദ്ദേഹം ഓർക്കുന്നുണ്ടായിരിക്കണം.

> ആത്മാനം രഥിനം വിദ്ധി
> ശരീരം രഥമേവ ച
> ബുദ്ധിം തു സാരഥിം വിദ്ധി
> മനഃ പ്രഗ്രഹമേവ ച

ദേഹമാകുന്ന രഥത്തിലിരുന്നു മുന്നേറുകയാണ് ജീവാത്മാവ്; ബുദ്ധിയാണ് തേരാളി. മനസ്സ് കടിഞ്ഞാണും. ഒന്നാംഅദ്ധ്യായത്തിൻെറ പ്രസക്തിയി

ലേക്ക് ഈ ഉപനിഷദ്ശ്ലോകം വിരൽ ചൂണ്ടുന്നു. പത്മപുരാണത്തിലെ ഒരു പരാമർശവും ഗീതയിലെ പതിനെട്ടദ്ധ്യായങ്ങളുടെ അംഗാംഗിബന്ധത്തെ കീഴ് വരയിട്ടു കാട്ടുന്നതായി വിനോബാജിയ്ക്കു തോന്നിയിരിക്കണം. പത്മപുരാണം പറയുന്ന ഗീതയിലെ ആദ്യത്തെ അഞ്ചു അദ്ധ്യായങ്ങൾ ഒരേ മൂർത്തിയുടെ കൈകളും ഒരദ്ധ്യായം ഉദരവും അവസാനത്തെ രണ്ടെണ്ണം പാദങ്ങളും ബാക്കി ശരീരങ്ങളും ആകുന്നു എന്നു. മൂർത്തിമൽഭാവത്തിന്റെ പൂർത്തീകരണത്തിനു പതിനെട്ടു അദ്ധ്യായങ്ങളും ആവശ്യമാണെന്നത്രേ വിനോബാജിയുടെ വിവക്ഷ. ഭഗവദ് ഗീതയുടെ വ്യാഖ്യാനകാര്യത്താൽ മഹാത്മജി വിനോബാജിയെ ഒരാചാര്യനെപ്പോലെ കരുതിയിരുന്നുവത്രേ. ഗീതയുടെ വിവിധാദ്ധ്യായങ്ങളുടെ പ്രാധാന്യത്തെ പുരസ്സരിച്ചു ഒരു റിപ്പോർട്ടു തെയ്യാറാക്കാൻ ഗാന്ധിജി തന്റെ ശിഷ്യനെ ഏല്പിച്ചിരുന്നു. ജീവിതത്തിന്റെ ശാസ്ത്രത്തെപ്പററിയുള്ള സംവാദമാണ് ആദ്യത്തെ അഞ്ചദ്ധ്യായങ്ങൾ എന്നു വിനോബാജി അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അടുത്ത പത്തദ്ധ്യായങ്ങളിൽ ആറദ്ധ്യായങ്ങൾ ഭക്തിമാർഗ്ഗം സംബന്ധിച്ചാണ്; അതിൽ പ്രത്യക്ഷവും പരോക്ഷവുമായ ഭക്തി സാധനകൾ ചർച്ച ചെയ്യപ്പെടുന്നുതാനും. പതിനൊന്നാം അദ്ധ്യായത്തിലെ അവസാനത്തെ യോഗത്തിൽ ഭഗവദ്ഗീതാസാരസർവ്വസ്വം സംക്ഷേപിക്കപ്പെട്ടിരിക്കുന്നു. ഈശ്വരസാക്ഷാൽക്കാരത്തിന്നു്, മുക്തിയ്ക്കു അർഹത നേടുന്നതിനു വേണ്ട ഗുണങ്ങൾ സംക്ഷിപ്തമായി കരതലാമലകമായി നൽകുന്നുണ്ടു് ഭഗവാൻ.

മൽകർമ്മകൃന്മൽപരമോ
മദ്ഭക്തഃ സംഗവർജിതഃ
നിർവ്വൈരഃ സർവ്വഭൂതേഷു യഃ
സ മാമേതി പാണ്ഡവ.

ഈശ്വരാർപ്പണമായി എല്ലാ കർമ്മങ്ങളും ഫലേച്ഛയിൽ മയങ്ങാതെ ചെയ്യുക. ഈശ്വരനെ വിരാട് രൂപമായി മനനം ചെയ്യുക, പ്രാപഞ്ചിക നേട്ടങ്ങളിൽ അത്യാസക്തി പെടാതിരിക്കുക. സമസ്ത ജീവികളോടും മത്സരമൊഴിവാക്കി സഹകരണഭാവത്തിൽ വർത്തിക്കുക—ഇതാണ് ഈശ്വരസാക്ഷാൽക്കാരത്തിനുള്ള വഴി. ശ്രീശങ്കരനും വിനോബാജിയും ഇക്കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. [മനുഷ്യന് ഈശ്വരസാക്ഷാൽക്കാരമുണ്ടാക്കുക അഥവാ ഭൂലോകം ഐശ്വര്യധന്യമാക്കുക എന്നതിനു വിവിധ ജീവലോകത്തോട് സഹകരണഭാവത്തിൽ വർത്തിക്കണം എന്ന തത്വത്തെയാണല്ലൊ കോളറിഡ്ജിന്റെ പദ്യശകലമുദ്ധരിച്ചു ഡോ: ഗോപാലകൃഷ്ണ അഡിഗാ തപസ്യപ്രവർത്തകരെ ഉൽബോധിപ്പിച്ചതു്. He preyath best who loveth best man, bird and beast- സസ്യപ്രപഞ്ചത്തെയും കൂടിച്ചേർത്താൽ ഭാരതീയവീക്ഷണമായി എന്നത് എത്ര ശരി!] ഈ സുപ്രധാന ശ്ലോകത്തിന്റെ വിന്യാസത്തിലെ ഔചിത്യ ദീക്ഷ നോക്കു! ഭഗവാന്റെ വിശ്വരൂപ പ്രദർശനം നടക്കുന്ന അദ്ധ്യായത്തിന്റെ അന്ത്യത്തിൽ! സ്വല്പം നർമ്മരസം കലർത്തി വിനോബാജി പറയുകയാണ് നമുക്ക് വിശ്വരൂപത്തിന്റെ പൂർണ്ണദർശനം ആവശ്യമില്ല എന്നു്, ജീവജാലങ്ങളിലെല്ലാം ഭഗവദ്സാന്നിദ്ധ്യം അനുഭവപ്പെട്ടാൽ ധാരാളം! പതിമൂന്നു പതിനാലു പതിനഞ്ചു് അദ്ധ്യായങ്ങൾ ജ്ഞാനമാർഗ്ഗവിഷയകമാണ്. പതിനഞ്ചാം അദ്ധ്യായത്തോടുകൂടി വിഷയാവതരണം പൂർത്തിയായി. അവസാനത്തെ മൂന്നു അദ്ധ്യായങ്ങൾ, ഒരു പ്രഭാഷണപരമ്പരയുടെ അന്ത്യത്തിലാവശ്യമാകുന്ന സംക്ഷേപണംപോലെ കാര്യങ്ങൾ ഒതുക്കി ഒന്നുകൂടി ഊന്നിപ്പറയാൻ മാത്രമുള്ളവയാണ്.

പത്മപുരാണത്തിൽ അവസാനത്തെ മൂന്നദ്ധ്യായങ്ങളെ ഉദരപാദങ്ങളായി കല്പിച്ചതിൻെറ സ്വാരസ്യവും മറെറാന്നല്ല.

എല്ലാ ജോലിയും മാന്യമാണ് എന്നുള്ള ഗാന്ധിജിയുടെ തത്വം വിനോബാജി അവതരിപ്പിക്കുന്നുണ്ട്. പതിനെട്ടാംനൂററാണ്ടിൽ ഡോ: ജോൺസൺ അഭിമാനപൂർവ്വം അവകാശപ്പെട്ട ഗ്രാമീണരെപ്പോലെ കൈവേലയല്ല, ധിഷണാജോലിയിൽ വ്യാപൃതരായ തത്വചിന്തകവർഗ്ഗത്തിലാണ് തൻെറ സ്ഥാനമെന്നു. വിനോബാജി പറയുന്നു, ധൈഷണികനും കൈവേലക്കാരനും ഭക്ഷണം കൂടാതെ കഴികയില്ല, "അന്നാൽ ഭവന്തി ഭൂതാനി പജ്ജന്യാ ദന്നസംഭവഃ" എങ്കിൽ കൈകാലുകളുടെ ജോലി ഒഴിവാക്കുന്നത് ആശാസ്യമാകയില്ല. ഈശ്വരാർപ്പണമായി ചെയ്യുന്ന നിത്യനൈമിത്തികങ്ങളായ ജോലികൂടി മനുഷ്യനെ ചിന്തിക്കാൻ കരുത്തുള്ളവനാക്കി മാററും. ഒരു ഗീതാഞ്ജലി പദ്യംകൊണ്ടു മഹാകവി ടാഗ്ഗൂറും ഭക്തനെ ഇരുട്ടറയിൽ ധ്യാനമഗ്നനാകാതെ നിലമുഴുന്നവൻെറയും പാതവക്കത്തു കല്ലുടക്കുന്ന അദ്ധ്വാനശീലൻെറയും ഇടയിലേയ്ക്കു് ഇറങ്ങിവരാനും ആഹ്വാനം ചെയ്യുന്നുണ്ട്. നൂല്പുയജ്ഞവും സായങ്കാല പ്രാർത്ഥനയും മഹാത്മജി നടത്തിയതു സാധാരണക്കാരുമായി ഇടപഴകാൻ വേണ്ടിയാണ്. തൻെറ ബാല്യകാലത്തുണ്ടായ ഒരനുഭവം വിനോബജി അനുസ്മരിയ്ക്കുന്നുണ്ട്. ശിവക്ഷേത്രത്തിൽ ധാര നടക്കുമ്പോൾ, തീർത്ഥം തുള്ളി തുള്ളിയായി വീഴുന്നതുകണ്ടു് അക്ഷമനായി നിർദ്ദേശിച്ചപോൽ ഒന്നിച്ചു വെള്ളമൊഴിച്ചാൽ ശിവലിംഗത്തിൻെറ ശുദ്ധികരണം വേഗത്തിൽ നടക്കും; ഫലപ്രദവുമാകും എന്നു. അപ്പോൾ അടുത്തുനിന്ന അമ്മ പറഞ്ഞു: "ലോകത്തിൽ നടക്കുന്ന കമ്മങ്ങളെല്ലാം ക്രമികവും അനുസ്യൂതവും ആയേ സംഭവിക്കുന്നുള്ളു. കാലം നീങ്ങുന്നതു നിമിഷങ്ങളായാണ്; ഔഷധം സേവിക്കുന്നത് മാത്രയനുസരിച്ചാവണം. കുപ്പിയോടെ വായിലൊഴിച്ചാൽ വിപരീതഫലം ചെയ്യില്ലേ എന്നു അമ്മ ചോദിച്ചു. ഇത്തരം നിരവധി ദൈനംദിന ദൃഷ്ടാന്തങ്ങൾ ഉദ്ധരിച്ചാണ് വേദാന്ത തത്വങ്ങളെ വിനോബാജി വിശദീകരിച്ചുപോകുന്നതു്.

അന്ധവിശ്വാസങ്ങളേയും മിഥ്യാസങ്കല്പങ്ങളെയും നിമ്മാജ്ജനം ചെയ്യാൻ വിനോബാജി ഉററു ശ്രമിക്കുന്നു എന്നതാണിതിൻെറ പ്രത്യേകത. സമൂഹത്തിലെ ഒരു വിഭാഗത്തിനും ബ്രഹ്മവിദ്യാപഠനം നിഷിദ്ധമല്ലതന്നെ. ബ്രഹ്മവിദ്യാപഠനഘട്ടത്തിൽ സംശയനിവൃത്തിക്കായി ജനകമഹാരാജാവ് സുലഭ എന്ന വനിതയെ സമീപിച്ചതായി പുരാണം പറയുന്നു. എങ്കിൽ വനിതാവിഭാഗത്തിന് വേദപഠനം നിഷിദ്ധമെന്ന സങ്കല്പത്തിന് അടിസ്ഥാനമില്ലാതെപോകുന്നു. അഹംബുദ്ധി നശിയ്ക്കാത്ത ഒരു ബ്രാഹ്മണവിദ്യാർത്ഥിയ്ക്കു് നിർദ്ദേശം കിട്ടുന്നു ഒരു കശാപ്പുകാരനെ മാതൃകയാക്കി അർപ്പണബുദ്ധിയും കർത്തവ്യബോധവും പഠിയ്ക്കാനായിട്ടു്. ഈശ്വരാപ്പണമായി ചെയ്യുന്ന ഏതു ജോലിയും പാവനമാണെന്നതിനു വേറെ ലക്ഷ്യമെന്തു വേണ്ടു? രാമായണത്തിലാകട്ടെ അധഃകൃത സ്ത്രീയായ ശബരി നൽകുന്ന ജംബൂ ഫലങ്ങൾ ശ്രീരാമൻ സ്വീകരിച്ചു ആസ്വദിച്ചതായി വിവരിയ്ക്കപ്പെടുന്നു. വാനരന്മാരെ സുഹൃത്തുക്കളെപ്പോലെ കരുതി പ്രിയപത്നിയെ വീണ്ടെടുക്കുന്നതിന് അവരുമായി ഒരു സുഹൃൽസന്ധിയ്ക്കു് തയ്യാറായതും നമ്മെ ചിന്തിപ്പിയ്ക്കേണ്ടിയിരിക്കുന്നു. ഇത്തരം നൂറുനൂറു പുരാണസന്ദർഭങ്ങൾ ഒരു വാനരപ്പട പോലെ വിനോബാജിയുടെ മുമ്പിൽ ഓടിക്കൂടുകയാണ്. ഈശ്വരദൃഷ്ടിയിലും ബ്രഹ്മവിദ്യാ പഠനരം

ഗത്തും വർഗ്ഗം, ജാതി, സ്ത്രീപുരുഷഭേദം എന്നിവ അപ്രസക്തമാണെന്നു സ്വാതന്ത്ര്യസമരത്തിൻെറ അഗ്നിപരീക്ഷയിൽ മനോമാന്ദ്യം വന്ന തടവുകാരെ ഗീതാമൃതത്തിലൂടെ ആത്മവീര്യം പകർന്നുണർത്തുന്നതിൽ.

ക്ഷുദ്രം ഹൃദയദൗർബ്ബല്യം
ത്യക്ത്വോത്തിഷ്ഠ പരന്തപ

എന്ന കാഹളധ്വനിയാണ് ഗ്രന്ഥത്തിലുടനീളം മുഴങ്ങുന്നത്.

ഗ്രന്ഥാരംഭത്തിൽ വിനോബാജി വ്യക്തമാക്കുന്നതുപോലെ, വിശ്വാസ പരീക്ഷണങ്ങളാകുന്ന പക്ഷദ്വയത്തിൽ ഉയരുകയും ഉയർത്തുകയുമാണ് ഗീതാപ്രവചനലക്ഷ്യം. മൂന്നാമത്തെ അദ്ധ്യായത്തിൽ വിനോബാജി മനുസ്മൃതിയിലെ ഒരു ചെറു സംഭവവിവരണം എടുത്തുകാട്ടുന്നുണ്ട്. ഒരു ശിഷ്യൻ ഒരു വ്യാഴവട്ടക്കാലത്തെ പഠനത്തിനുശേഷം ആചാര്യനോട് വിടവാങ്ങാൻ ചെല്ലുന്നു. ഗുരുദക്ഷിണയായി എന്ത് അർപ്പിക്കുന്നു എന്നതിലല്ല, അതിൻെറ പിന്നിലെ സങ്കല്പദാർഢ്യത്തിലാണ് ശ്രദ്ധിക്കേണ്ടത്. ആശയം വ്യക്തമാക്കാൻ ആധുനികജീവിതത്തിൽനിന്നാണ് ഒരു ദൃഷ്ടാന്തം അവതരിപ്പിച്ചത്. നൂറു രൂപ നോട്ടിനു് ഒററ രൂപ നോട്ടുകളും നൂറെണ്ണത്തിൻെറ തൂക്കമോ വിസ്തൃതിയോ വേണമെന്നു് നാം ശഠിക്കാറില്ല. ആമുദ്രിതമായ മൂല്യസങ്കേതമാണ് പ്രധാനം. പ്രഭാതത്തിൽ ഗൃഹാങ്കണത്തിലെ തുളസിക്കു വെള്ളമൊഴിക്കുമ്പോൾ, സസ്യലോകത്തോടു മുഴുവനായുള്ള കടപ്പാടാണ് നാം രേഖപ്പെടുത്തുന്നത്. ഗോ പരിപാലനത്തിനിറങ്ങുമ്പോൾ മൃഗസഞ്ചയത്തോട് സഹകരണാത്മകമായി സമീപിക്കുന്നതിലെ സുഖവും ഗുണഫലവും ദൃഷ്ടാന്തവൽക്കരിക്കുന്ന ഹിന്ദു എങ്ങിനെ അന്ധവിശ്വാസിയാവും? ക്ഷേത്രാരാധന നടത്തുമ്പോൾ, സർവ്വവ്യാപിയും അനിർവചനീയനുമായ പരമാത്മാവിനെയാണ് നമ്മുടെ ചിന്താപഥത്തിലേക്കാവാഹിക്കാൻ ഉദ്യമിക്കുന്നത്. കാരണം ഈ ശ്വരചൈതന്യമാണ് ഭൂലോകത്തെ ഊഷ്മളവും ഭാസുരവും സമ്പന്നവും ആക്കിയത് എന്ന ബോധം തന്നെ. ആശയവിശദീകരണത്തിന് പാശ്ചാത്യസാഹിത്യത്തിൽ നിന്നുള്ള ഉദാഹരണങ്ങളും വിനോബാജി നിർല്ലോഭം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ടോൾസ്റ്റോയ്, പാസ്കൽ, ക്രാവുമർ എന്നിവരുടെ അനുഭവങ്ങളെ വിവരിക്കുന്നുണ്ട്. പതിനാറാം അദ്ധ്യായത്തിലൂടെ വായനക്കാരെ നയിക്കുന്നതിനിടക്കു, ഗ്രന്ഥകാരൻ വിശദമാക്കുന്ന പ്രധാന സംഗതി, എങ്ങിനെ മനുഷ്യൻ പരിണാമ സോപാനത്തിലൂടെ, മൃഗീയമായ ഹിംസയിൽ നിന്നു ദൈവികമായ ആർദ്രഭാവത്തിലേക്കു് എങ്ങിനെ കാലു കുത്തി എന്നു്. ധർമ്മശാസ്ത്രവും സാമൂഹ്യശാസ്ത്രവും സമകാലിക സംഭവപരാമർശവും നിർല്ലോഭം ഉൾക്കൊള്ളിച്ചു രചിച്ച ഗീതാപ്രവചനത്തിൻെറ തനിമക്കും ഒരുപമാനമുണ്ടെങ്കിൽ അതിലെ പ്രതിപാദനത്തിൽ വന്ന സാരള്യം മാത്രമാണ്. സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഗീതാപ്രവചനത്തിൻെറ —തൽക്കർത്താവിൻേറയും—മഹത്വമിതാണെന്നു ഞാൻ വിശ്വസിക്കുന്നു. ജയ്ജഗത്.

(ഗീതാപ്രവചനത്തിൻെറ സുവർണ്ണജൂബിലി പ്രമാണിച്ച് പൗനാർ ആശ്രമം പ്രസിദ്ധീകരിച്ച സ്മരണികയിൽ വന്ന ഇംഗ്ലീഷ് ലേഖനത്തിനു ലേഖകൻ തന്നെ തയ്യാറാക്കിയ മലയാള വിവർത്തനം)